# Annexure-8.50

## VII ഗവൺമെന്റ് പ്രമേയം

'സർഫാസി' ആക്ടിലെ വ്യവസ്ഥകൾ ബാധകമാക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൃഷിഭൂമി പണയപ്പെടുത്തി കാർഷിക വായ്പയെടുക്കുന്ന ചെറുകിടകൃഷിക്കാർക്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ റവന്യൂ റിക്കവറി നടപടികൾ നേരിടുന്നത് സംബന്ധിച്ചാണ് ഈ പ്രമേയം തയ്യാറാക്കിയിട്ടുള്ളത്. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിനെ റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നതിനാൽ നിയമത്തിലെ സെക്ഷൻ 7, 8 വകുപ്പുകളിൽ മാറ്റം വരുത്തി 5 ലക്ഷം രൂപയുടെ വായ്പാ തിരിച്ചടവിൽ നിന്ന് ഗ്രാമപ്രദേശങ്ങളിൽ ഒരേക്കറും നഗരപ്രദേശങ്ങളിൽ 50 സെന്റുമുള്ള കൃഷിഭൂമിയെ റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ SARFASI ആക്ടിലെ സെക്ഷൻ 31-ൽ ആവശ്യമായ ഭേദഗതി വരുത്തി വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരുടെ കിടപ്പാടം ജപ്തിയിൽ നിന്ന് ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം സഭ ഏകകണ്ഠമായി പാസ്സാക്കണം.

## കേരള നിയമസഭ 2017 ആഗസ്റ്റ് 21 ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

"2002 ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ആക്ടിന്റെ 31 – ാം വകുപ്പിന്റെ (ഐ) ഖണ്ഡപ്രകാരം, പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ഒരു കൃഷി ഭൂമി സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും ;

സമാനമായി 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതക്ക് പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാക്കുന്നത് ലക്ഷക്കണക്കിന് നിർദ്ധന കുടുംബങ്ങളെ ദുരിതത്തിലേക്കു തള്ളിവിടും എന്നതിനാലും ;

5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റി യായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതക്ക് 2002 ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററെസ്റ്റ് ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത ആക്ടിന്റെ 31–ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ഈ സഭ ഇതിനാൽ അഭ്യർത്ഥിക്കുന്നു"

വി.കെ. ബാബുപ്രകാശ്
സെക്രട്ടറി
കേരള നിയമസഭ
തിരുവനന്തപുരം-33